പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.425 29.05.2019-ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

**ജി.എസ്.ടി. വരുമാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയ 2017 ജൂലായ് മുതൽ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നികുതി ചോർച്ച എത്രയെന്നാണ് ധനവകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയ 2017 ജൂലായ് മുതൽ നികുതി ചോർച്ച ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഇന്റലിജൻസ് മൊബൈൽ സ്ക്വാഡുകൾക്കും റയിൽവേ / പാർസൽ മേഖലകളിൽ പരിശോധന നടത്തുന്ന നിരീക്ഷണ സ്ക്വാഡുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സ്ക്വാഡുകളുടെ പരിശോധനയിൽ നികുതിയും പിഴയുമായി 2017 ജൂലായ് മുതൽ 2019 മാർച്ച് 31 വരെ 65.14 കോടി രൂപ ഈടാക്കിയിട്ടുണ്ട്. |
| (ബി) | 2018-19 സാമ്പത്തിക വർഷം ജി.എസ്.ടി. വഴിയുണ്ടായ വരുമാനവളർച്ച എത്ര ശതമാനം എന്നും ആയത് എത്ര കോടി രൂപ വരുമെന്നും വ്യക്തമാക്കുമോ ; | (ബി) | 2017-18 സാമ്പത്തിക വർഷം 01.07.2017 മുതലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. അതുകൊണ്ട് 2018-19 സാമ്പത്തിക വർഷം ജി.എസ്.ടി. വഴിയുണ്ടായ വരുമാന വളർച്ച കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല. എന്നാൽ ജി.എസ്.ടി. വരുമാനം ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 14 ശതമാനം വർദ്ധനവ് (ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷം) ഉണ്ടായിട്ടുണ്ട്. ജി.എസ്.ടി. വരുമാനം ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018-19 സാമ്പത്തിക വർഷം 5303.82 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ജി.എസ്.ടി.യിതര നികുതികളിൽ നിന്ന് ആകെ കിട്ടിയ തുക വകുപ്പ് തിരിച്ച് വിശദാംശം | (സി) | 2018-2019 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ജി.എസ്.ടി ഇതര നികുതികളിൽ നിന്നും ലഭിച്ച തുക ചുവടെ |

<table>
<tr><td></td><td>ലഭ്യമാക്കുമോ;</td><td></td><td>ചേർക്കുന്നു.

| ഇനം | തുക (കോടിയിൽ) |
|---|---|
| കാർഷികാദായ നികുതി | 0.7 |
| ഭൂനികുതി | 202.78 |
| മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3693.17 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 177.04 |
| സംസ്ഥാന എക്സൈസ് | 2521.43 |
| വിൽപ്പന നികുതി | 19225.9 |
| വാഹന നികുതി | 3708.61 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 62.38 |
| ക്രയവസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 47.40 |
| **ആകെ** | **29639.41** |
</td></tr>
<tr><td>(ഡി)</td><td>നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി.യിലൂടെയുള്ള നികുതി വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ആയത് ഏതൊക്കെ മേഖലയിലൂടെയാണെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി.യിലൂടെയുള്ള നികുതിവരുമാനം 30% വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് നേടിയെടുക്കുന്നതിലേക്കായി സ്വീകരിക്കേണ്ട ഭരണപരമായ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിന്റെ 253 മുതൽ 256 വരെയുള്ള ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. ആയതിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു.<br><br>1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ 01.07.2019 മുതൽ ലഭ്യമാകും. അതോടെ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വില്ക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി</td></tr>
</table>

| | | | |
|---|---|---|---|
| | | | അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ആവശ്യമായ ഒരു ബാക്കെന്റ് മൊഡ്യൂൾ സംവിധാനവും മേഖല തിരിച്ചുള്ള ഡേറ്റാ വിശകലനവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>3. 2019 ജൂൺ 1 മുതൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. കൂടാതെ ചരക്ക വാഹനം കടന്ന് പോകുമ്പോൾ 'ഓൺ-ദ-ഗോ വേബ്രിഡ്ജ്' സംവിധാനത്തിലൂടെ ചരക്കുകളുടെ തൂക്കവും ഇ-വേ ബില്ലിൽ രേഖപ്പെടുത്തിയ തൂക്കവും പരിശോധനാ വിധേയമാക്കുന്നതാണ്. ഈ സംവിധാനം വഴി ശേഖരിക്കുന്ന വിവരങ്ങൾ, ഡാറ്റാ വിശകലനം നടത്തി തുടർ നടപടികൾക്കായി വിനിയോഗിക്കുന്നതാണ്.<br>4. സേവന ദാതാക്കളിൽ ബഹുഭൂരിപക്ഷവും ജി.എസ്.ടി. രജിസ്ട്രേഷനുകളിലേയ്ക്ക് വന്നിട്ടില്ല. ഏറ്റവും നല്ല ഉദാഹരണം ഹോട്ടലുകളാണ്. ഹോട്ടൽ നികുതി 12 മുതൽ 18 വരെ ആയിരുന്നത് 5 ശതമാനമായി ഏകീകരിച്ച |

| | | | |
|---|---|---|---|
| | | | എങ്കിലും എല്ലാ ഹോട്ടലുകളും ജി.എസ്.ടി.യിൽ രജിസ്ട്രേഷൻ ചെയ്തിട്ടില്ല. ചെറുകിട സേവന ദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോമ്പൻസേഷൻ രീതി നടപ്പിൽ വരുത്തുന്നതാണ്. ഈ സാഹചര്യത്തിൽ കൂടുതൽ പേരെ നികുതി വലയത്തിൽ കൊണ്ട് വരുന്നതിന് സമഗ്രമായ സ്ട്രീറ്റ് സർവ്വെ പോലുള്ള പരിപാടികൾ നടപ്പിലാക്കും.<br>5. നികുതി വകുപ്പിനെ പുന:സംഘടിപ്പിക്കും. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തും. ഡാറ്റാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര സംസ്ഥാന ചരക്ക സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ടെസ്റ്റ് പർച്ചേസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br><br>6. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. |

Jasmin

**സെക്ഷൻ ഓഫീസർ**